സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം-സാങ്കേതികം- സമാശ്വാസ തൊഴിൽ ദാന പദ്ധതി- നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക്ക് കോളേജിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ഇലക്ട്രോണിക്സ് വിഭാഗം ഡെമോൺസ്ട്രേറ്റർ ശ്രീമതി കൃഷ്ണ കുമാരി കെ പി യുടെ മകൻ ശ്രീ അഭിരാം വി കെ ക്ക സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം 41300 -87000 രൂപ ശമ്പള നിരക്കിലുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ തസ്തികയിൽ താത്ക്കാലിക നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: ഇ. സി 1/42710/22/ഡി.ടി.ഇ തിരുവനന്തപുരം , തീയതി: 10.10.2023

---

വായന:- 1.07.09.2023-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം.520/2023/HEDN
2.24.05.1999-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.12/99/പി&എആർഡി.
3.18.11.1999-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.24/99/പി&എആർഡി.
4.05.07.2002-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.37/2002//പി&എആർഡി.
5.12.04.2010-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.14/2010/ഫിൻ.
6.07.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ (പി) നം.20/2013/ഫിൻ.
7.03.04.2013-ലെ സർക്കാർ ഉത്തരവ് നമ്പർ.ജി.ഓ(പി) നം.149/2013/ഫിൻ.
8.15.11.2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഓ(പി)നം.171/2016/ഫിൻ.
9. 14-7-2023 തീയതിയിലെ ജി.ഒ (പി) നം.12/2023/പി&എആർഡി നംബർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

1. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക്ക് കോളേജിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ഇലക്ട്രോണിക്സ് വിഭാഗം ഡെമോൺസ്ട്രേറ്റർ ശ്രീമതി കൃഷ്ണ കുമാരി കെ പി യുടെ മകൻ ശ്രീ അഭിരാം വി കെ ക്ക 1958-ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പൊതുചട്ടം 3(സി) വിധേയമായി സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ഈ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽ ഒഴിവുള്ള ഇലക്ട്രിക്കൽ എഞ്ചിനീയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/സമാനമായ തസ്തികയിൽ നിയമിക്കുവാൻ അനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

2. ഈ സാഹചര്യത്തിൽ, **ശ്രീ അഭിരാം വി കെ, ശ്രീ കമലം, പേഴുംമൂട്, പൂവച്ചൽ പി ഒ-695575** നെ 1958-യിലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് റൂൾസ് റൂൾ 9 (എ) (ഐ) വിധേയമായി ഈ വകുപ്പിലെ 41300 -87000 രൂപ ശമ്പള നിരക്കിലുള്ള **ഇലക്ട്രിക്കൽ എഞ്ചിനീയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ** തസ്തികയിൽ താത്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം, ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം ടി താത്ക്കാലിക നിയമനം അറിയിപ്പ് കൂടാതെ റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് പരിശോധനയിൽ തെളിയുന്ന മുറയക്ക് മാത്രമേ ടിയാൾ ക്രമവൽക്കൃത നിയമനത്തിന് അർഹത നേടുകയുള്ളൂ. ടിയാളുടെ നിയമനം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നമ്പർ | പേരും മേൽവിലാസവും | നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | **ശ്രീ അഭിരാം വി കെ,<br>ശ്രീ കമലം, പേഴുംമൂട്, പൂവച്ചൽ പി ഒ,<br>തിരുവനന്തപുരം-695575** | **സർക്കാർ പോളിടെക്നിക് കോളേജ്,<br>പെരിയ, കാസർഗോഡ്** |

3. ശ്രീ അഭിരാം വി കെ മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവി മുൻപാകെ വിദ്യാഭ്യാസ യോഗ്യത, ജനനതീയ്യതി,ജാതി/സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ-ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ തൻറെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ എന്നിവ സഹിതം 25.10.2023 തീയ്യതിക്കു

Draft #4 of File EC1/42710/22/DTE Approved by Senior Joint Director (PS) on 10-Oct-2023 10:04 AM - Page 1

മുൻപ് ജോലിക്ക ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടിയാളുടെ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

4. സ്ഥാപന മേധാവി ശ്രീ അഭിരാം വി കെയുടെ വിദ്യാഭ്യാസ യോഗ്യത, ജനനതീയ്യതി, ജാതി/സമുദായം മുതലായവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന സർക്കാർ ഉത്തരവുമായി ഒത്ത് നോക്കി ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും, ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന വിവരം ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതുമാണ്.

5. ടിയാൾ വസ്തുതകൾ മറച്ചുവയ്ക്കുകയോ,തെറ്റായ വിവരങ്ങൾ നല്കുകയോ ചെയ്താണ് നിയമനം നേടിയതെന്ന് ഭാവിയിൽ സർക്കാരിനോ നിയമനാധികാരിക്കോ ബോധ്യപ്പെട്ടാൽ ടി നിയമനം റദ്ദ് ചെയ്യുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കും.

6. സ്ഥാപന മേധാവി, ടിയാളുടെ സേവനപുസ്തകത്തിലും, സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന എസ്റ്റാബ്ലിഷ്മെൻറ് രജിസ്റ്ററിലും നിയമനം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.സർക്കാർ ഉത്തരവിൻറെ ഒരു പകർപ്പ് ടിയാളുടെ സേവനപുസ്തകത്തിൽ യഥാക്രമം പതിപ്പിച്ച് ചേർക്കേണ്ടതാണ്.

7. ബന്ധപ്പെട്ട സ്ഥാപന മേധാവി ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും പരാമർശം (3) സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

8. ശ്രീ അഭിരാം വി കെ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന തിരിച്ചറിയൽ പത്രിക (ഫോട്ടോയും ഒപ്പും സഹിതമുള്ള) ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് സ്ഥാപന മേധാവി മുൻപാകെ ഹാജരാകേണ്ടതാണ്.ഇത്തരത്തിൽ ടിയാൾ ഹാജരാക്കുന്ന തിരിച്ചറിയൽ പത്രിക സ്ഥാപന മേധാവി പരിശോധിച്ചു ശരിയെന്ന് ബോധ്യപ്പെടുത്തേണ്ടതും,ടി രേഖ മേലൊപ്പ് ചാർത്തുന്നതിലേക്കായി ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

9. പരാമർശ (6), (7) സർക്കാർ ഉത്തരവിലെ സേവന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും ടിയാളുടെ നിയമനം.

10. പരാമർശം (08) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ടിയാളെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുകളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രോഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും,ആയത് സേവനപുസ്തകത്തിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

11. വായന 9 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഈ നിയമനത്തിന് ബാധകമായിരിക്കുന്നതാണ്.

ഒപ്പ് /-

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

പകർപ്പ്

1.ശ്രീ അഭിരാം വി കെ,
ശ്രീ കമലം, പേഴമ്മൂട്, പൂവച്ചൽ പി ഒ, തിരുവനന്തപുരം-695575 (രജിസ്റ്റേർഡ് തപാൽ,എ.ഡി കാർഡ് സഹിതം)
2.പ്രിൻസിപ്പാൾ, സർക്കാർ പോളിടെക്നിക് കോളേജ്, പെരിയ, കാസർഗോഡ്(രജിസ്റ്റേർഡ് തപാൽ)
3.ഇജി സെക്ഷൻ
4.കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Approval Valid

Draft #4 of File EC1/42710/22/DTE Approved by Senior Joint Director (PS) on 10-Oct-2023 10:04 AM - Page 2

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 10.10.2023
Reason: Approved

Draft #4 of File EC1/42710/22/DTE Approved by Senior Joint Director (PS) on 10-Oct-2023 10:04 AM - Page 3

The document is digitally approved. Hence signature is not needed.